**_‘CORRUPTION, A CRIME AGAINST NATION’_**

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇമെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**
**തീയതി: 12.01..2023**

# **“കൈക്കൂലി വാങ്ങുന്നതിനിടെ പോലീസ് സബ്ഇൻസ്പെക്ടർ വിജിലൻസ് പിടിയിൽ”**

കോട്ടയം ജില്ലയിലെ ഗാന്ധിനഗർ പോലീസ് സ്റ്റേഷനിലെ പോലീസ് സബ്ഇൻസ്പെക്ടർ, നസീർ 2,000 /- രൂപയും ഒരു ലിറ്ററിന്റെ (8 PM EXCELENCY) ഒരു കുപ്പി വിദേശമദ്യവും കൈക്കൂലിയായി വാങ്ങുന്നതിനിടെ വിജിലൻസ് കയ്യോടെ പിടികൂടി.

കോട്ടയം ജില്ലയിലെ ആർപ്പൂക്കര സ്വദേശിയായ പരാതിക്കാരൻ ഓടിച്ചിരുന്ന കാർ ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള തൊണ്ണംകുഴി എന്ന സ്ഥലത്ത് വച്ച് ഇക്കഴിഞ്ഞ 9 ആം തിയതി മറ്റൊരു വാഹനവുമായി കൂട്ടിഇടിച്ച് അപകടം ഉണ്ടാകുകയും യാത്രക്കാർക്ക് പരിക്ക് ഇല്ലാത്തതിനാൽ ഇരുകൂട്ടരും തമ്മിൽ ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ വച്ച് സംസാരിച്ച് ധാരണയിലെത്തിയിട്ടുള്ളതുമാണ്. എന്നാൽ പരാതിക്കാരൻ മദ്യപിച്ചിരുന്നതായി കണ്ട് ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ സബ്ഇൻസ്പെക്ടർ, ആയ നസീർ പരാതിക്കാരനെ കോട്ടയം ജില്ല ആശുപത്രിയിൽ കൊണ്ട് ചെന്ന് മെഡിക്കൽ പരിശോധന നടത്തുകയും മദ്യപിച്ച് വാഹനം ഓടിച്ചതിലേക്ക് പരതിക്കാരനെതിരെ കേസ് രജിസറെർ ചെയ്യുകയുമുണ്ടായി. തുടർന്ന് പരാതിക്കാരന്റെ വാഹനം വിട്ടുകൊടുക്കണമെങ്കിൽ 2,000/- രൂപയും ഒരു കുപ്പി വിദേശമദ്യവും കൈക്കൂലിയായി നൽകണമെന്നും, നസീർ വാടകയ്ക്ക്

താമസിച്ചിരുന്ന പോലീസ് സ്റ്റേഷന് സമീപമുള്ള കേരള ടൂറിസ്റ്റ് ഹോം എന്ന ലോഡ്ജിൽ എത്താൻ ആവശ്യപ്പെടുകയുമുണ്ടായി. പരാതിക്കാരൻ ഈ വിവരം മൊബൈലിൽ റെക്കോർഡ് ചെയ്തശേഷം കോട്ടയം, വിജിലൻസ് യൂണിറ്റ് പോലീസ് സൂപ്രണ്ട് ശ്രീ. വി.ജി.വിനോദ്കുമാറിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം കോട്ടയം, വിജിലൻസ് യുണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. വി.ആർ. രവികുമാറിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം ഇന്നലെ രാത്രി 10 മണിയോടെ കേരള ടൂറിസ്റ്റ് ഹോമിന് മുൻപിൽ വച്ച് പരാതിക്കാരനിൽ നിന്നും 2,000/- രൂപയും ഒരു ലിറ്ററിന്റെ (8 PM EXCELENCY) ഒരു കുപ്പി വിദേശമദ്യവും കൈക്കൂലിയായി വാങ്ങവെ വിജിലൻസ് സംഘം കൈയോടെ നസീറിനെ പിടികൂടുകയാണുണ്ടായത്. അറസ്റ്റിലായ പ്രതിയെ ഇന്ന് (12.01.2023) കോട്ടയം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ വിജിലൻസ്, കോട്ടയം യുണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ രവികുമാറിനെ കൂടാതെ ഇൻസ്പെക്ടർമാരായ മഹേഷ്പിള്ള, രമേശ് ജി, സബ് ഇൻസ്പെക്ടർമാരായ സ്റ്റാൻലി തോമസ്, പ്രസാദ് കെ. ജി, സുരേഷ് കുമാർ, സുരേഷ് കെ.പി, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായ സുരേഷ്ബാബു, എസ്.സി.പി.ഒ മാരായ അരുൺചന്ദ്, രാജേഷ് ടി.പി, അനൂപ് വി.എസ, അനൂപ് കെ, ഷമീർ എന്നിവരടങ്ങിയ വിജിലൻസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം, ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.